"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്— മെഡിക്കൽ വിദ്യാഭ്യാസം— ജീവനക്കാര്യം- മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ജോയിന്റ് ഡയറക്ടർ/സ്പെഷ്യൽ ഓഫീസർ/പ്രിൻസിപ്പാൾ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം സ്ഥിരമായി/താൽക്കാലികമായി പരിത്വജിക്കുന്നതിനും , സ്ഥാനക്കയറ്റം താൽക്കാലികമായി പരിത്വജിച്ച നടപടി പിൻവലിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.2373/2024/H&FWD    തീയതി,തിരുവനന്തപുരം, 07-10-2024

---

പരാമർശം:-

1. 07/12/1991 ലെ സ.ഉ.(പി).നം.39/1991/ഉ.ഭ.പ.വ
2. 10/12/2004 ലെ സ.ഉ.(പി).നം.20/2004/ഉ.ഭ.പ.വ
3. 27/02/2023 ലെ സ.ഉ.(സാധാ).നം.468/2023/ആ.കു.വ
4. 26/12/2023 ലെ സ.ഉ.(സാധാ).നം.3389/2023/ആ.കു.വ
5. 12/09/2024 ലെ സ.ഉ.(സാധാ).നം.2211/2024/ആ.കു.വ
6. ഡോ.സൈറു ഫിലിപ്പിന്റെ 03/10/2024 തീയതിയിലെ അപേക്ഷ
7. ഡോ.ഇന്ദു പി.എസ് -ന്റെ 05/10/2024 തീയതിയിലെ അപേക്ഷ
8. മെഡിക്കൽ വിദ്യാഭ്യാസ വകപ്പ് ഡയറക്ടറുടെ 04/10/2024 ലെ എഫ് 4-2383(1)/2020/മെ.വി.വ നമ്പർ കത്ത്.

**ഉത്തരവ്**

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ പ്രൊഫസർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന വിവിധ ഡോക്ടർമാർ ജോയിന്റ് ഡയറക്ടർ/സ്പെഷ്യൽ ഓഫീസർ/ പ്രിൻസിപ്പാൾ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം സ്ഥിരമായി / താൽകാലികമായി പരിത്യജിക്കുന്നതിന് സമ്മതപത്രം നൽകിയിരിക്കുകയാണെന്നും അതിനാൽ പ്രസ്തുത സമ്മതപത്രങ്ങൾ പരിശോധിച്ച് തുടർനടപടികൾ കൈക്കൊള്ളണമെന്നും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (8) പ്രകാരം അഭ്യർത്ഥിച്ചിരുന്നു. ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1), (2) ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ജോയിന്റ് ഡയറക്ടർ/സ്പെഷ്യൽ ഓഫീസർ/ പ്രിൻസിപ്പാൾ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം സ്ഥിരമായി / താൽകാലികമായി പരിത്വജിക്കുന്നതിന് പരാമർശം (3) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ ചേർക്കുന്ന പ്രൊഫസർമാർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

| ക്രമ നമ്പർ | സീനിയോറിറ്റി പട്ടികയിലെ ക്രമനമ്പർ | പേര് | വിഭാഗം | തസ്തിക പരിത്യജിക്കൽ വിശദാംശം |
|---|---|---|---|---|
| 1 | 147 | ഡോ.അജിത് കൃഷ്ണൻ എ.എസ്. | പീഡിയാട്രിക്സ് വിഭാഗം | 28/09/2024 മുതൽ രണ്ട് വർഷത്തേക്ക് |
| 2 | 150 | ഡോ.ഷാനവാസ് എ. | പീഡിയാട്രിക്സ് വിഭാഗം | സ്ഥിരമായി പരിത്യജിക്കൽ |

2) കൂടാതെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം പ്രൊഫസർമാരായ ഡോ. സൈറു ഫിലിപ്പ്, ഡോ. ഇന്ദു പി. എസ്. എന്നിവരുടെ പരാമർശം (6), (7) അപേക്ഷകൾ പരിഗണിച്ച് പരാമർശം (4), (5) എന്നിവയിലെ ഉത്തരവുകൾ പ്രകാരം ജോയിന്റ് ഡയറക്ടർ /സ്പെഷ്യൽ ഓഫീസർ/പ്രിൻസിപ്പാൾ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം താൽക്കാലികമായി പരിത്യജിച്ച നടപടി പിൻവലിക്കുന്നതിന് ടിയാളുകൾക്ക് അനുമതി നൽകിയും ഉത്തരവാകുന്നു .

3) പരാമർശം (4), (5) ഉത്തരവുകൾ മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജേഷ് ജി ആർ
അഡിഷണൽ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
എല്ലാ സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾമാർക്കും (ഡി എം ഇ മുഖേന).
ബന്ധപ്പെട്ട ഫാക്കൽറ്റീസിന് (ഡി എം ഇ മുഖേന)
വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, സെക്രട്ടറിയേറ്റ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി. (എസ് 1/181/2024/ആ.കു.വ)

ഉത്തരവിൻ പ്രകാരം

Signed by
T Muraleedharan Chettiyar
സെക്ഷൻ ഓഫീസർ
Date: 07-10-2024 13:35:53

പകർപ്പ് :
ആരോഗ്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.